**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3429** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷിശ്രീ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (എ) | ബ്ലോക്ക് തലത്തിൽ രൂപീകരിക്കുന്ന കാർഷിക സേവന കേന്ദ്രങ്ങളാണ് കൃഷിശ്രീ സെന്ററുകൾ (2020 വരെ അഗ്രോ സർവ്വീസ് സെന്ററുകൾ) എന്നറിയപ്പെടുന്നത്. ബ്ലോക്കിന്റെ മൊത്തമായിട്ടുള്ള കാർഷിക വികസന ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന ബിസിനസ് പ്ലാൻ കാർഷിക സേവന കേന്ദ്രം തയ്യാറാക്കി ബ്ലോക്ക് തല ഉപദേശക സമിതിയുടെ അംഗീകാരത്തോടെ നടപ്പാക്കുന്നു. കർഷകർക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ, വിത്ത് നടീൽ വസ്തുക്കൾ തുടങ്ങിയവ ലഭ്യമാക്കുക, കാർഷിക ഉല്പന്നങ്ങളുടെ സംഭരണം, വിതരണം പ്രോസ്സസിംഗ് (അസംസ്കൃത വസ്തുവിനെ ഉല്പന്നമായി മാറ്റിയെടുക്കുക) തുടങ്ങിയവ നടപ്പിലാക്കുക, കർഷകർക്ക് വേണ്ട യന്ത്രസാമഗ്രികൾ, സേവനങ്ങൾ എന്നിവ സമയാസമയങ്ങളിൽ എത്തിക്കുക എന്നിവയാണ് കൃഷിശ്രീസെന്ററുകളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നത്. കാർഷിക സേവനങ്ങളും, കാർഷിക കർമ്മസേനാ പ്രവർത്തനങ്ങളും ഹയറിംഗ് സെന്ററുകളുടെയും പ്രവർത്തനങ്ങളും ഒരു ഏക ജാലക സംവിധാനത്തിലൂടെ കർഷകരിൽ എത്തിയ്ക്കുകയെന്നതാണ് കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തന ലക്ഷ്യം. |
| (ബി) | പ്രസ്തുത സെന്ററുകൾ എവിടെയെല്ലാമാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലകളിലെ ബ്ലോക്കുകൾ കേന്ദ്രീകരിച്ചാണ് കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്റുകൾ) ആരംഭിക്കുന്നത്. ഓഫീസ് പ്രവർത്തിക്കുന്നതിന് $25m^2$ വിസ്തീർണ്ണമുള്ള മുറിയും മെഷിനറി സൂക്ഷിക്കുന്നതിന് $200m^2$ സ്ഥല സൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിലാണ് കൃഷിശ്രീ സെന്റർ അനുവദിക്കുന്നത്. മേൽ പ്രകാരം അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. ഈ സാമ്പത്തിക |

| | | | |
|---|---|---|---|
| | | | വർഷത്തിൽ 20 പുതിയ കൃഷിശ്രീ സെന്ററുകളുടെ രൂപീകരണത്തിന് പ്രാരംഭ നടപടികൾ നടന്നു വരുന്നു. 2021-22 വരെ 101 ബ്ലോക്കുകളിലായി 107 അഗ്രോ സർവ്വീസ് സെന്ററുകൾ/കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | കാർഷിക പ്രാധാന്യമുള്ള തിരുവമ്പാടി മണ്ഡലം കേന്ദ്രീകരിച്ച് കൃഷിശ്രീ സെന്റർ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | തിരുവമ്പാടി മണ്ഡലം കേന്ദ്രീകരിച്ച് നിലവിൽ ഒരു കാർഷിക സേവന കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ